# മലയാളവൃത്തം കൊണ്ട് മറയ്ക്കാവുന്ന വാർത്തകൾ

രൺജിത്ത്. കെ. ആർ

പ്രഭാവർമ്മ തൊട്ടതെല്ലാം കവിതയാക്കാറുണ്ടെന്ന തോന്നുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ മുൻ മുഖ്യമന്ത്രി നായനാർ പ്രസംഗവേദികളിൽ കവിത ചവച്ച് വശം കെട്ടേനെ! കൂലിയെഴുത്തുകാരൻ പ്രസംഗം വൃത്തത്തിലാക്കിയാൽ വെറും 'നോക്കിവായനക്കാരൻ' മാത്രമായ നായനാർ എന്തുചെയ്യാൻ? എന്തായാലും നായനാർക്ക് വേണ്ടി പ്രസംഗം എഴുതി ഒടുവിൽ അല്പം രസികത്തം പ്രഭാവർമ്മയ്ക്കും വന്നുപോയിട്ടുണ്ടോ എന്ന തോന്നിപ്പോകുന്നു.

വിഷയം വർമ്മയുടെ പുതിയ കവിതയാണ്-"ഇന്റർവ്യൂ." മഷിപുരണ്ടു വന്നത് കലാകൗമുദിയിൽ(മെയ്-5- പേജ് 32). കവിതയിലെ"കഥ" ഇത്രയുമാണ് : ജോലി കൊതിച്ച് ഇന്റർവ്യൂവിന്എത്തുന്ന പയ്യൻ. ബോർഡിലിരിക്കുന്ന കവി. തൊഴിൽ പ്രസിദ്ധീകരണങ്ങൾ നല്കുന്ന ഇന്റർവ്യൂപരിശീലനപാഠങ്ങൾ പഠിക്കാത്തതിനാലാവണം, ബോർഡിനു മുമ്പിൽ പയ്യനിരുന്നു വിയർക്കുന്നു. ചോദ്യങ്ങൾക്കുള്ള മറുപടി തൊണ്ടയിൽ കുരുങ്ങി വിങ്ങുന്നു. കവി സഹതാപചിത്തനാകുന്നു. പയ്യന്റെ കുടുംബ പശ്ചാത്തലത്തെക്കുറിച്ച് സങ്കല്പനം നടത്തുന്നു. അസുഖം ബാധിച്ച അച്ഛൻ, അമ്മ, പെങ്ങന്മാർ, ദാരിദ്ര്യം, തൊഴിലില്ലായ്മ, പിന്നെ ഏക ആശ്രയമായ പയ്യൻ- എല്ലാം കൊണ്ടും ഒരു മൂന്നാം ലോകചുറ്റുപാട്. കവിഹൃദയം ആർദ്രവും തരളവുമാകാൻ മറ്റെന്തു വേണം? അവനിൽ കവി തന്നെത്തന്നെ കാണുകയാണ്- ചെറുപ്പത്തിൽ തൊഴിൽ തേടി ഇന്റർവ്യൂവിന് കയറിച്ചെന്ന അനുഭവങ്ങൾ, നിരാശകൾ- ഒരിറ്റുകണ്ണീർ ഉരുകണ്ടുകൂട്ടുന്നു. കവിത വായിച്ചാൽ മൊത്തത്തിൽ ഒരു വിനയൻ ചിത്രം കണ്ട സുഖം. പോരെങ്കിൽ ഇത്തവണ സംസ്കൃതവും നന്നേ കുറവ്.

കോഴിക്കോടന്റെ 'ചിത്രശാല' ശൈലിയിൽ കഥ പറഞ്ഞുതീർത്താൽ 'ഇന്റർവ്യൂ'പൂർണ്ണമായും മനസ്സിലാക്കാനാവില്ല. കവിതയെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ തന്നെ പ്രതിഷ്ഠിക്കണം എന്നൊക്കെയല്ലേ......? അതിനായി ചെറിയ ഒരു അന്വേഷണം.

എന്തായിരിക്കണം കവിയുടെ ഈ പ്രരോദനത്തിനു പിന്നിലെ പ്രലോഭനം?

കൈരളി ചാനലിൽ സബ് എഡിറ്റർ/ റിപ്പോർട്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനായി രണ്ട് മാസം മുമ്പ് നടന്ന ഇന്റർവ്യൂന് തിരുവനന്തപുരത്തെ കവടിയാറിലുള്ള 'കൈരളി'ഓഫീസിൽ നിരന്ന മുപ്പത്തിയഞ്ചോളം ഉദ്യോഗാർത്ഥികൾക്ക് കവിയുടെ ഭാവനയെ ഉണർത്തിയ ചരിത്ര സംഭവം ഓർത്തെടുക്കാമെന്ന തോന്നുന്നു. ആ ചരിത്രം ഇങ്ങനെ: ചാനലിനു വേണ്ടി ഇന്റർവ്യൂ ബോർഡിൽ നിരന്നത് മാധ്യമരംഗത്തെ പുലികളായ ഗൗരീദാസൻ നായരും ബൈജു ചന്ദ്രനും പിന്നെ കൈരളിയുടെ കരപ്രമാണികളായി രമേഷ് നാരായണനും പ്രഭാവർമ്മയും.

നിയമനം പിൻവാതിലിലൂടെ നടന്നിട്ടുണ്ടാകുമെന്നും ഇന്റർവ്യൂ വെറും തട്ടിപ്പാണെന്നും ഉണ്ടായ പൊതുധാരണയെ ശരിവയ്ക്കുന്ന തരത്തിലായിരുന്നു വിദഗ്ധസംഘത്തിന്റെ ചോദ്യങ്ങൾ. പ്രഭാവർമ്മ കവിതയിൽ സ്വയം അവതരിപ്പിക്കാൻ ശ്രമിക്കുന്ന അനുതാപവാനും സഹതാപചിത്തനുമായ കവിഹൃദയനെ അവിടെയെങ്ങും കണ്ടില്ലത്രെ!

നാന്നൂറോളം ജേർണലിസം ബിരുദധാരികളിൽ നിന്ന് പരീക്ഷ നടത്തി തെരഞ്ഞെടുത്തവരെയാണ് ഇന്റർവ്യൂവിന് ക്ഷണിച്ചിരുന്നത്. 'കൈരളി'യുടെ 'വേറിട്ട' റിപ്പോർട്ടർമാരാകാൻ മനസ്സൊരുക്കം നടത്തി എത്തിയവരോട് കവിയുൾപ്പെടുന്ന ഇന്റർവ്യൂ പാനൽ ചോദിച്ച സാരഗർഭമായ ചോദ്യങ്ങളിൽ ചിലത് ചുവടെ:

"സേഫ്റ്റിപിൻ കൊണ്ടുള്ള അഞ്ച് ഉപയോഗങ്ങൾ പറയുക-"

ചോദ്യം കേട്ട് ഉദ്യോഗാർത്ഥിക്ക് ഉദ്വേഗം.

അടുത്തയാൾക്ക് വളരെ നല്ല സ്വീകരണമായിരുന്നു: "വരൂ, ഇരിക്കൂ...., ഇനി മാങ്ങയെക്കുറിച്ച് രണ്ടു വാക്കു പറയൂ." 'കൈരളി'യിൽ ജോലി 'ഉറപ്പാക്കിയ' അയാൾ സന്തോഷാധിരേകത്താൽ ഇറങ്ങിപ്പോരുന്നു.

സൈക്കിൾ ചെയിൻ എങ്ങിനെ അഞ്ച് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താമെന്ന ചോദ്യം കേട്ടിട്ടും തല പെരുക്കാതെ പിടിച്ചുനിന്ന ഒരു ജേർണലിസം ബിരുദധാരിക്ക് സൈക്കിൾ ചെയിൻ ക്യാമറ തൂക്കിയിടാൻ ഉപയോഗിക്കാം എന്നു വരെ പറയേണ്ടിവന്നു.

ഉപയോഗശൂന്യമായ വസ്തുകൾ എങ്ങനെ പുനരുപയോഗിക്കാം എന്ന അറിവും 'കൈരളി'ക്കു വേണ്ടി വാർത്തകൾ എങ്ങനെ ശേഖരിക്കുകയും പാകപ്പെടുത്തി ഉപയോഗിക്കുകയും ചെയ്യാം എന്നതും ഏതുവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നു മാത്രം ചോദിക്കരുത്.

എന്നാൽ ഒഴിവാക്കാനാവാത്ത ഒരു ചോദ്യം പ്രഭാവർമ്മ തന്നെ ചോദിച്ചുവത്രെ: "പ്രഭാവർമ്മ ആണോ പെണ്ണോ?" മറുപടിയായി ജേർണലിസം ബിരുദധാരിണി പറഞ്ഞതിപ്രകാരം: "കേട്ടറിവുവച്ച് ആൺവർഗ്ഗത്തിൽപെട്ടു."

പ്രഭാവർമ്മയുടെ കവിത ഇങ്ങനെ:

"......ഉടരെ ചോദ്യത്തിന്റെ കത്തിയേറുകൾ; നട്ട
ക്കിറുക്കിയടച്ചുള്ള മിഴിപോലെ
നിൻ മനം.
അതിന്റെയിമത്തിരശ്ശീല തന്നങ്ങേപ്പുറ-
ത്തതിദാരുണം നിന്റെ ജീവിത
മഹാചിത്രം!"

അഭിമുഖം എന്ന ഹാസ്യപരിപാടി നടത്തിയതിൽ നിന്ന് ഇതുവരെ ആരെയും നിയമിച്ചിട്ടില്ല എന്നു മാത്രമല്ല "അതൊക്കെ വെറും പറ്റിപ്പാണെന്ന്" ഇന്റർവ്യൂപാനലിലുണ്ടായിരുന്ന ഒരു പുലി സ്വകാര്യസംഭാഷണത്തിൽ സമ്മതിക്കുകയും ചെയ്തു. അപ്പോഴിനി പ്രഭാവർമ്മയ്ക്ക് ധൈര്യമായി കവിതയെഴുതാമല്ലോ- ഇന്റർവ്യൂനായി മുന്നിൽ വന്നിരിക്കുന്നവന്റെ മനഃസംഘർഷങ്ങളെപ്പറ്റി, ജീവിതപശ്ചാത്തലത്തെപ്പറ്റി........

കവിതയെ അതുമാത്രമായി കാണണമെന്നും കവിയുടെ ആത്മകഥാംശം അതിൽ ആരോപിക്കരുതെന്നും തത്വത്തിൽ സമ്മതിച്ചാൽ തന്നെയും കവി ആത്മവഞ്ചനാപരവും കപടവും ആയ നിലപാടുകളെടുക്കുമ്പോൾ വായനക്കാരൻ എന്തു ചെയ്യണം? കവിയുടെ ഭാവനാ സ്വാതന്ത്ര്യം വസ്തുതകൾക്കുമേലെ പുതയ്ക്കാനുള്ള കരിമ്പടമായി കവി തന്നെ മുന്നോട്ടുവയ്ക്കുമ്പോൾ നേർ അനുഭവങ്ങളിൽ കവിതയുടെ പരിസരം മനസ്സിലാക്കാൻ അവസരം ലഭിച്ച വായനക്കാരൻ കവിത എങ്ങനെയാണ് മനസ്സിലാക്കേണ്ടത്?

'കൈരളി'ക്കു വേണ്ടി നടത്തിയ ഇന്റർവ്യൂ ആണ് തന്റെ കവിതയ്ക്ക് പ്രചോദനമെന്ന് കവി ഒരിടത്തും പറയുന്നില്ല. ചിലപ്പോൾ അതായിരിക്കണമെന്നുമില്ല. പക്ഷേ അനേകം ഉദ്യോഗാർത്ഥികളെ അപമാനിച്ചിറക്കിവിട്ട ഒരു അഭിമുഖത്തിന് മുഖ്യകാർമ്മികത്വം വഹിച്ചിട്ടും പ്രഭാവർമ്മയ്ക്ക് ഇങ്ങനെയൊരു കവിത ചമയ്ക്കാനും മഹാനുഭാവൻ ചമയാനും കഴിഞ്ഞുവെങ്കിൽ അതിന് ഭാവനയും സ്വയം നിഷേധവും ഉളുപ്പില്ലായ്മയും അല്പം കൂടിയ അളവിൽ തന്നെ ഉണ്ടായിരിക്കണം.

'കൈരളി'യുടെ ഇന്റർവ്യൂ വിശേഷങ്ങൾ ചൂടാറാതെ തന്നെ പ്രമുഖമാധ്യമങ്ങൾക്ക് ലഭിച്ചുവെങ്കിലും 'പിന്നാമ്പുറത്തിലോ', 'സ്വകാര്യ'ത്തിലോ പോലും ചേർക്കാതെ അവ ചേരിചേരാനയം പ്രഖ്യാപിച്ചു എന്നാലിപ്പോൾ പ്രഭാവർമ്മ കവിത കൊണ്ട് വീണ്ടും ചൊറിയുമ്പോൾ എന്തു ചെയ്യണം? എന്തു ചെയ്യാതിരിക്കണം?